# തേനൂറും പാണ്ണൂർ

മുള്ളേരിയ: ചെറുതേൻ സമൃദ്ധമാണ് കാറഡുക്കയിലെ പാണ്ണൂർ. പാണ്ണൂർ കൊച്ചിയിലെ കെ.ഉദയനും പന്നപ്പലം അമ്പുവും കൂടി ആയിരക്കണക്കിന് കൂടുകൾ ഒരുക്കി വൻതോതിൽ ചെറുതേനീച്ചകളെ വളർത്തുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവറായ ഉദയൻ സി.പി.സി.ആർ.ഐ.യിൽ നടന്ന പരിശീലനത്തിൽ പങ്കെടുത്തതോടെയാണ് തേനീച്ചവളർത്തലിൻെറ സാധ്യതകൾ മനസ്സിലാക്കിയത്.

2013-ൽ നടന്ന പരിശീനലത്തിൽ കാസർകോട്, കണ്ണൂർ ജില്ലകളിൽ തേനീച്ചവളത്തലിലൂടെ ലാഭം നേടുന്ന കർഷകരെ പരിചയപ്പെടുത്തിയിരുന്നു. അവരുടെ വിജയത്തിൽ പ്രചോദനം ഉൾക്കൊണ്ടാണ് തേനീച്ചവളർത്തലിനായി ഇറങ്ങിയത്. പാരമ്പര്യമായി തേനീച്ചവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന അമ്പുവിനൊപ്പം ചേർന്ന് ഉദയൻ തേനീച്ചക്കൃഷി തുടങ്ങി. കാറഡുക്ക വനമേഖലയോടു ചേർന്നുനിൽക്കുന്ന വീട്ടുളപ്പിൽ തേൻ ഉത്പാദനത്തിനത്തിൻെറ സാധ്യതകളെ 35 വർഷമായി ഉപയോഗിക്കുന്ന അമ്പുവിൻെറ അനുഭവവും അറിവും ചേർന്നപ്പോൾ പദ്ധതി ലാഭകരമായി.



ഉദയൻ തേൻ ഉദ്പാദനത്തെക്കുറിച്ച് വിവരിക്കുന്നു

തേൻ ഉത്പാദനം കൂടിയതോടെ 'യുണീക് ഹണി' എന്ന പേരിൽ സ്വന്തം ബ്രാൻഡ് ഉണ്ടാക്കി. മുള, പൊള്ളയായ തടി, ഭിത്തികളിലെ വിടവുകൾ എന്നിവയൊക്കെ ചെറുതേനീച്ചകൾ വളരാനുള്ള ഇടങ്ങളാക്കി. ചെറുതേനീച്ചയെയാണ് കൂടുതൽ വളർത്തുന്നത്. തേനിനായി ദിവസേന നിരവധി പേരാണ് എത്തുന്നത്. വീട്ടിലെത്തുന്ന അതിഥികളെ വരവേല്ക്കുന്നതും തേൻ ചേർത്ത പാനീയം നല്കിയാണ്. കർണാടകത്തിൽനിന്നുപോലും ആവശ്യക്കാർ എത്തുന്നു.

അമ്പുവിൻെറ അച്ഛൻ പരേതനായ പക്കിരൻ മുളകളിൽ തേനീച്ചകളെ വളർത്തുന്നതിന് പ്രസിദ്ധനായിരുന്നു. രണ്ടുപേരും പച്ചക്കറി കൃഷിയിലും സജീവമാണ്. തേനീച്ചപ്പെട്ടി നിർമാണം, ഈച്ചസംരക്ഷണം, തേൻസംസ്കരണം, വിപണനം എന്നിങ്ങനെ നാല് ഘട്ടങ്ങളായുള്ള തേനീച്ചക്കൃഷി ആവശ്യക്കാർക്ക് പറഞ്ഞുകൊടുക്കാനും ഇവർ തയ്യാറാണ്.

ഇടനിലക്കാരില്ലാത്ത കച്ചവടരീതിയിലൂടെ തേൻകൃഷി ലാഭകരമാക്കാമെന്നും റബ്ബറിൽനിന്ന് ഊറിപ്പോകുന്ന തേൻകണങ്ങൾ ശേഖരിച്ചാൽത്തന്നെ തോട്ടം ആദായകരമാക്കാമെന്നും ഉദയൻ പറയുന്നു. പഠനത്തോടൊപ്പം വരുമാനവുമായി കുട്ടികൾക്കും സാധ്യതകൾ ഉപയോഗിക്കാം. തേനിൽനിന്നുള്ള പത്തോളം മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണവും വിപണനവുമാണ് ഉദയൻെറയും അമ്പുവിൻെറയും അടുത്ത ലക്ഷ്യം.